# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5456** **28.07.2015 ൽ മറുപടിയ്ക്ക്**

**റബ്ബർ വിലസ്ഥിരതാഫണ്ട് രൂപീകരണവും താങ്ങുവിലയും**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.എ. ബേബി<br>ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീ.ബാബു എം.പാലിശ്ശേരി<br>ശ്രീ. എസ്. ശർമ്മ | ശ്രീ.കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) 2015-16 സാമ്പത്തിക വർഷത്തെ ബജറ്റിൽ റബ്ബർ കർഷകരെ സഹായിക്കാൻ പ്രഖ്യാപിച്ച വില സ്ഥിരതാ ഫണ്ട് രൂപീകരണം എന്നു മുതൽ പ്രാബല്യത്തിൽ വരുമെന്ന് വ്യക്തമാക്കാമോ ; | (എ) 2015-16 സാമ്പത്തിക വർഷത്തെ ബജറ്റിൽ റബ്ബർ കർഷകരെ സഹായിക്കാൻ പ്രഖ്യാപിച്ച 300 കോടി രൂപയുടെ പദ്ധതി സർക്കാർ ഉത്തരവ് നം.269/2015/ഫിൻ തീയതി 03.07.2015 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. |
| (ബി) റബ്ബറിന് താങ്ങുവില നൽകിയുള്ള സംഭരണം എന്നുമുതൽ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ; | (ബി) 03.07.2015 ലെ സ.ഉ. നം.269/2015/ഫിൻ പ്രകാരം നിലവിൽ വന്നിട്ടുള്ള "റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ്" പദ്ധതി പ്രകാരം രജിസ്ട്രേഷൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ടി പദ്ധതിപ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് കിലോയ്ക്ക് അതതു ദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തിയ ബില്ലിന്റെ അടിസ്ഥാനത്തിൽ സബ്സിഡിയായി രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നൽകുന്നതാണ്. |
| (സി) റബ്ബർബോർഡ്, ദൈനംദിന വിലയും താങ്ങുവിലയും തമ്മിലുള്ള വില വ്യത്യാസം കണക്കാക്കി കർഷകർക്ക് ലഭ്യമാക്കാൻ റബ്ബർ ഉല്പാദക ജില്ലകളിലെ ഏതെല്ലാം സ്ഥാപനങ്ങളുടെ സേവനമാണ് ലഭ്യമാക്കുകയെന്ന് അറിയിക്കാമോ ; | (സി) റബ്ബർ ബോർഡ്, ദൈനംദിന വിലയും താങ്ങുവിലയും തമ്മിലുള്ള വില വ്യത്യാസം കണക്കാക്കി കർഷകർക്ക് ലഭ്യമാക്കുവാൻ റബ്ബർ ഉൽപ്പാദക ജില്ലകളിലെ അതാത് പ്രദേശത്തെ റബ്ബർ പ്രൊഡ്യൂസേഴ്സ് സൊസൈറ്റികളുടെ (RPS) സേവനം ലഭ്യമാക്കിയിട്ടുണ്ട്. |
| (ഡി) റബ്ബർ കർഷക രജിസ്ട്രേഷൻ എല്ലാ പ്രദേശത്തും നടക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ ? | (ഡി) ഈ പദ്ധതി പ്രകാരമുള്ള റബ്ബർ കർഷകരുടെ രജിസ്ട്രേഷൻ സംസ്ഥാനത്ത് എല്ലാ ജില്ലകളിലും പുരോഗമിക്കുന്നു. ഇതുവരെ 11,386 റബ്ബർ കർഷകർ ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**